# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ്, തൃശ്ശൂർ

സംയോജിതചുരുക്കപ്പട്ടിക നമ്പർ :12/2009/DOR    തൃശ്ശൂർ,
കാറ്റഗറി നമ്പർ : 87/2007    02.12.2009.

## <u>വിജ്ഞാപനം</u>

12.03.2007 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ 3050 – 5230 രൂപ (പരിഷ്കരണത്തിന് മുമ്പ്) ശമ്പള നിരക്കിൽ **ഡ്രൈവർ ഗ്രേഡ് - II (എൽ.ഡി.വി)** തസ്തികയിലേക്ക് പട്ടികജാതി/വർഗ്ഗക്കാരിൽ നിന്ന് നേരിട്ടുള്ള (**കാറ്റഗറി നമ്പർ : 87/2007**) തെരഞ്ഞെടുപ്പിനായി 17/01/2009-ാം തീയതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷക്ക് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ഒരു സംയോജിത ചുരുക്കപട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനത്തീയ്യതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

ഈ രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരിക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറിനു മുൻപിൽ തൃശ്ശൂർ ജില്ലയെ സൂചിപ്പിക്കുന്ന ആർ(R) ചേർത്ത് വായിക്കേണ്ടതാണ്.

## <u>സംയോജിത ചുരക്കപ്പട്ടിക</u>

| | | | | | |
|---|---|---|---|---|---|
| 140072 | 140112 | 140124 | 140133 | 140170 | 140209 |
| 140227 | 140266 | 140320 | 140338 | 140360 | 140383 |
| 140415 | 140459 | 140462 | 140473 | 140545 | 140568 |
| 140588 | 140591 | 140593 | 140623 | 140630 | 140632 |
| 140638 | 140644 | 140705 | 140758 | 140799 | 140800 |

ഡ്രൈവർ ഗ്രേഡ് – II(എൽ.ഡി.വി) (വിവിധ വകുപ്പുകൾ)
(പട്ടികജാതി/വർഗ്ഗക്കാരിൽ നിന്നു മാത്രം)
സംയോജിത ചുരുക്കപ്പട്ടിക

**(തുടർച്ച.........)**

**കുറിപ്പ് 1** :– അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും, നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സംയോജിത ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് പ്രായോഗിക പരീക്ഷക്ക് വിളിക്കപ്പെടുന്നതിനോ അതിനുശേഷം റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിനോ യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല.

**കുറിപ്പ് 2**:– അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സംയോജിത ചുരുക്കപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

**കുറിപ്പ് 3**:– സംയോജിത ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെടുന്ന കാര്യങ്ങൾ, അതായത് യോഗ്യത, ജനനതീയതി, ജാതി, നേറ്റിവിറ്റി, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയും മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നുവെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും ഹാജരാക്കുന്നതിന് പി.എസ്.സി യുടെ തൃശ്ശൂർ ജില്ലാ ആഫീസിൽ നിന്നും വ്യക്തിഗത അറിയിപ്പ് നൽകുന്നതാണ്.

**കുറിപ്പ് – 4:-** <u>ശാരീരിക യോഗ്യതകൾ</u> :

| | | | |
|---|---|---|---|
| F) | ചെവി | – | പരിപൂർണ്ണമായ ശ്രവണ ശക്തി ഉായിരിക്കണം |
| ബി) | കണ്ണ് | | |
| | ദൂരകാഴ്ച | – | 6/6 സ്നെല്ലൻ |
| | സമീപകാഴ്ച | – | 0.5 സ്നെല്ലൻ |
| | കളർവിഷൻ | – | സാധാരണയുള്ളതായിരിക്കണം |
| | മാലക്കണ്ണ് | – | ഇല്ലാതിരിക്കണം |
| | പേശികളും സന്ധികളും | – | തളർവാതം ഉായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നതായിരിക്കണം. |

സി) ഞരമ്പ് ഘടന – പൂർണ്ണമായും സാധാരണ ഗതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികളിൽ നിന്നും വിമുക്തമായിരിക്കണം.

ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പുകളും യഥാസമയം ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളുടെയും, അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കത്തെുന്ന ഉദ്യോഗാർത്ഥികളുടെയും രജിസ്റ്റർ നമ്പറുകൾ ഇനിയൊരറിയിപ്പ് കൂടാതെ തന്നെ ഈ സംയോജിത ചുരുക്കപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

 ഡ്രൈവർ ഗ്രേഡ് – II(എൽ.ഡി.വി) (വിവിധ വകുപ്പുകൾ)
(പട്ടികജാതി/വർഗ്ഗക്കാരിൽ നിന്നു മാത്രം)
സംയോജിത ചുരുക്കപ്പട്ടിക

**(തുടർച്ച.........)**

പരീക്ഷയിൽ 66 (അറുപത്തിആറ്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയും ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി എസ്.ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും ഈ സംയോജിത ചുരുക്ക പ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രായോഗിക പരീക്ഷക്കുള്ള തീയതി, സമയം, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. നിലവിലുള്ള നടപടിക്രമം അനുസരിച്ച് റാങ്ക് പട്ടിക പ്രസിദ്ധികരിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ് പുനഃപരിശോധന നടത്തുന്നതല്ല. എന്നാൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം സംയോജിത ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർ ഉൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുനഃപരിശോധിക്കുന്നതിനും ഉത്തരക്കടലാസുകളുടെ സെറോക്സ് കോപ്പി ലഭിക്കുന്ന തിനും അവസരം ലഭിക്കുന്നതാണ്. ഇത് സംബന്ധിച്ച വിവരങ്ങൾ റാങ്ക്പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉായിരിക്കുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ശ്രീകുമാരൻ ആചാരി
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

വിതരണാനുമതി നൽകുന്നു

സെക്ഷൻ ആഫീസർ

UnCsI051209